(സി) ഇല്ലാത്തപക്ഷം പ്രസ്തുത തുകയുടെ വിവരം ആ സ്കൂളിലേയ്ക്ക് അയച്ചുകൊടുക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) പായിപ്ര സ്കൂളിൽ വച്ച് ശ്രീമതി എം.കെ. രുഗ്മിണിയുടെ ശമ്പളത്തിൽ നിന്ന് എന്തു തുക ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരം പിടിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത ടീച്ചർ തിരുവനന്തപുരം ജില്ലയിലെ ഭരതന്നൂർ ഗവണ്മെന്റ് ഹൈസ്കൂളിൽ എച്ച്.എസ്.എ. ആയി ജോലി ചെയ്തിരുന്ന കാലത്ത് (19.9.1979 മുതൽ 24.6.1980 വരെ) അവരുടെ ശമ്പളത്തിൽ നിന്നും എന്തു തുക ഫാമിലി ബെനിഫിറ്റ് സ്കീമിലേക്ക് പിടിച്ചു;

(എഫ്) ഇതു സംബന്ധിച്ച വിവരം പിരപ്പൻകോട് ഹയർ സെക്കന്ററി സ്കൂളിൽ നൽകിയിട്ടുണ്ടോ;

(ജി) ഈ വിവരം ലഭിക്കാത്തതിനാൽ അവരുടെ ഫാമിലി ബെനിഫിറ്റ് സ്കീമിലെ അക്കൗണ്ട് ക്ലോസ് ചെയ്ത് ഫൈനൽ പേമെന്റ് നടത്താൻ കഴിയാതെ വന്നിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത വിവരം നൽകുവാൻ ഭരതന്നൂർ ഗവണ്മെന്റ് ഹൈസ്കൂൾ അധികാരികൾക്ക് നിർദ്ദേശം നൽകുമോ;

(ഐ) അവരുടെ ഫാമിലി ബെനിഫിറ്റ്സ് സ്കീം അക്കൗണ്ട് ക്ലോസ് ചെയ്ത് തുക നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തുക നൽകിയിട്ടില്ല. മുൻപ് ജോലി ചെയ്ത സ്കൂളിൽനിന്നും ഫാമിലി ബെനിഫിറ്റ്സ് സ്കീമിൽ നിക്ഷേപിച്ച തുകയുടെ വിവരം ലഭിക്കാത്തതാണ് ഇതിനുള്ള കാരണം.

(ബി) ഇല്ല.

(സി) നിർദ്ദേശം നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ)&(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) ഉണ്ട്.

(എച്ച്) നിർദ്ദേശം നൽകുന്നതാണ്.

(ഐ) നിർദ്ദേശം നൽകുന്നതാണ്.

60 (1604) നരിക്കുന്ന് സ്കൂൾ അദ്ധ്യാപിക നല്കിയ പരാതി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര, നരിക്കുന്ന് യു.പി. സ്കൂളിലെ ഹിന്ദി അദ്ധ്യാപിക ശ്രീമതി വി.പി. ശാരദ ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിന് ബ്രേക്ക് പിരീഡ് കൺഡോൺ ചെയ്യണമെന്നാവശ്യപ്പെട്ട് ഡി.പി.ഐ. യ്ക്ക് പരാതി സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവണ്മെന്റ് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നം. 9063/ഇ1/99/പൊ.വി. എന്ന ഫയലിൻമേൽ ഇത് സംബന്ധിച്ച എന്ത് നടപടികളാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(സി) നടപടി ഉണ്ടായിട്ടില്ലെങ്കിൽ കാരണമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കേരള വിദ്യാഭ്യാസ ചട്ടം റൂൾ 56(4) പ്രകാരം പ്രസ്തുത ബ്രേക്ക് കൺഡോൺ ചെയ്യാൻ നിർവാഹമില്ലാത്തതിനാൽ ശ്രീമതി വി.പി. ശാരദയുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്.

61 (1605) അംഗീകാരം നഷ്ടപ്പെട്ട ബി.എഡ്. കേന്ദ്രങ്ങളിൽ അഡ്മിഷൻ പുനരാരംഭിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എഡ്. സെന്ററുകളുടെ അംഗീകാരം റദ്ദാക്കിയ പ്രശ്നത്തിൽ കേരളത്തിലെ സർവകലാശാലകൾ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കുമോ;

(ബി) അംഗീകാരം നഷ്ടപ്പെട്ട ബി.എഡ്. കേന്ദ്രങ്ങളിൽ ഈ വർഷം അഡ്മിഷൻ പുനരാരംഭിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) എൻ.സി.ടി.ഇ.യുടെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും അംഗീകാരം പുനഃസ്ഥാപിച്ച് കിട്ടുന്നതിന് വീണ്ടും എൻ.സി.ടി.ഇ. യെ സമീപിക്കുന്നതിനുമുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ വർഷംതന്നെ ക്ളാസുകൾ ആരംഭിക്കാൻ എൻ.സി.ടി.ഇ. യുടെ അനുമതിക്കായി സർവ്വകലാശാലകളും ഗവണ്മെന്റും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

62 (1606) പ്രീ-ഡിഗ്രി വേർപ്പെടുത്തലിന്റെ ഗുണഫലം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി വേർപ്പെടുത്തലിനുശേഷം അതിന്റെ ഗുണഫലം ഗവണ്മെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ യോഗ്യതയുള്ള എല്ലാ കുട്ടികളേയും ഉൾക്കൊള്ളാൻ കഴിയുന്നവിധത്തിൽ പ്ളസ് ടൂ നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly